"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - വിവിധ പുസ്തകശാലകളിൽ മാനേജർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരികകാര്യ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.314/2025/CLAD തീയതി,തിരുവനന്തപുരം, 01-06-2025

പരാമർശം:-

1. സഉ(പി)നം.28/2016/ധന, തീയതി, 26.02.2016
2. സഉ(പി)നം.56/2017/ധന, തീയതി, 28.04.2017
3. സഉ(പി)നം.112/2018/ധന, തീയതി, 21.07.2018
4. സഉ(പി)നം.81/2019/ധന, തീയതി, 09.07.2019
5. സഉ(പി)നം.29/2021/ധന, തീയതി, 11.02.2021
6. സ.ഉ.(സാധാ)നം.604/2024/സാംകാവ തീയതി, 21.10.2024
7. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 06.01.2025 -ലെ ഇ1/3090/2019/സിൽ നമ്പർ കത്ത്
8. സ.ഉ(അച്ചടി)നം. 54/2025/ധന തീയതി, 19.04.2025

**<u>ഉത്തരവ്</u>**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനു കീഴിലുള്ള വിവിധ പുസ്തകശാലകളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകൃത തസ്തികയിൽ ഉൾപ്പെടാത്ത ഷോറൂം മാനേജർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. രാഹുൽ ആർ. (തിരുവനന്തപുരം), ശ്രീ. രാഹുൽ. വി. ആർ (തൃശ്ശൂർ), ശ്രീ. എ. പി രാധാകൃഷ്ണൻ (കോഴിക്കോട്), ശ്രീ. റ്റി. അരവിന്ദാക്ഷൻ (കണ്ണൂർ) എന്നീ ജീവനക്കാരുടെ കരാർ കാലാവധി 05.02.2025-ന് അവസാനിക്കുന്നതിനാൽ പ്രസ്തുത ജീവനക്കാരുടെ കരാർ കാലാവധി 06.02.2025-ന് ബ്രേക്ക് നൽകി 07.02.2025 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (7) പ്രകാരം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ

അംഗീകൃത തസ്തികയിൽ ഉൾപ്പെടാത്ത ഷോറൂം മാനേജർ എന്ന തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ച ശ്രീ. രാഹുൽ ആർ (തിരുവനന്തപുരം), ശ്രീ. രാഹുൽ വി ആർ (തൃശ്ശൂർ), ശ്രീ. എ. പി രാധാകൃഷ്ണൻ (കോഴിക്കോട്), ശ്രീ. അരവിന്ദാക്ഷൻ (കണ്ണൂർ) എന്നീ ജീവനക്കാരുടെ 05.02.2025-ന് അവസാനിക്കുന്ന കരാർ കാലാവധി കരാർ ദിവസവേതനക്കാരുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് ധനവകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ പൊതുമാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, സ്ഥിരപ്പെടുത്തുവാൻ യാതൊരു അവകാശവാദവും ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തി, 06.02.2025-ന ഒരു ദിവസത്തെ ബ്രേക്ക് നൽകി 07.02.2025 മുതൽ 06.02.2026 വരെ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
ധനകാര്യ വകുപ്പ് (26.05.2025-ലെ 2350712 EDN-C3/42/2023-FIN നമ്പർ കുറിപ്പ് പ്രകാരം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (C1/12/2025-CLAD)

ഉത്തരവിൻ പ്രകാരം
Signed by
Sunitha Sadasivan
Date: 02-06-2025 11:36:19
സെക്ഷൻ ഓഫീസർ

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്